## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.551 07.01.2014-ൽ മറുപടിക്ക്

ചോദ്യം

ശ്രീ.കെ.സുരേഷ് കുറുപ്പ്

ഉത്തരം

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

### 2012-13 സാമ്പത്തിക വർഷത്തിലെ കേന്ദ്ര നികുതി വരുമാനം

| | | |
|---|---|---|
| (എ) | 2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്ര നികുതി വരുമാനത്തിന്റെ എത്ര ശതമാനം തുക സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി; എന്ത് തുക ലഭിച്ചു; | സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതത്തിന്റെ 2.341 ശതമാനമാണ് സംസ്ഥാനത്തിന് അർഹമായിട്ടുള്ളത്. 2012-13 സാമ്പത്തിക വർഷം കേന്ദ്ര നികുതി ഇനത്തിൽ 6840.65 കോടി രൂപ ലഭിക്കുകയുണ്ടായി. |
| (ബി) | നികുതി വരുമാനത്തിന്റെ 50 ശതമാനം തുക സംസ്ഥാനത്തിന് ലഭിക്കുമായിരുന്നെങ്കിൽ അത് എത്രയായിരിക്കുമായിരുന്നു; ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം എന്തു തുക വരുമെന്ന് കണക്കാക്കി വിശദമാക്കാമോ; | 2012-13 കേന്ദ്ര ബഡ്ജറ്റിന്റെ പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര നികുതി വിഹിതത്തിന്റെ 50 ശതമാനം സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കിയിരുന്നുവെങ്കിൽ സംസ്ഥാനത്തിന് 9248 കോടി രൂപ 2012-13 ൽ ലഭ്യമാകുമായിരുന്നു. അങ്ങനെയെങ്കിൽ യഥാർത്ഥത്തിൽ ലഭിച്ചതിൽ നിന്നുള്ള വ്യത്യാസം 2407 കോടി രൂപയാണ്. |
| (സി) | കേന്ദ്ര നികുതി ഇനത്തിൽ തന്നാണ്ടിൽ കണക്കാക്കപ്പെട്ട വരുമാനം എത്രയാണ്; അതിന്റെ എത്ര ശതമാനം തുക സംസ്ഥാനം പ്രതീക്ഷിക്കുന്നു; പ്രസ്തുത തുക എത്രയാണ്; അൻപത് ശതമാനമായി വർദ്ധിപ്പിച്ചു തരണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; | കേന്ദ്ര നികുതി ഇനത്തിൽ തന്നാണ്ടിൽ കണക്കാക്കപ്പെട്ട വരുമാനം (സേവന നികുതി ഒഴികെ) 291041.04 കോടി രൂപയാണ്. ഇതിന്റെ 2.341 ശതമാനമായ 6813.28 കോടി രൂപയാണ് സംസ്ഥാനത്തിന് കേന്ദ്ര നികുതി വിഹിതമായി ലഭിക്കുന്നത്. |

| | | |
|---|---|---|
| | അത് ലഭിക്കുമെങ്കിൽ എത്ര തുക വരുമെന്ന് കണക്കാക്കുമോ? | 13-ാം ധനകാര്യ കമ്മീഷന് നൽകിയ നിവേദനത്തിൽ സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം 50 ശതമാനമായി ഉയർത്തണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. എന്നാൽ 13-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള വിഹിതമായി 32 ശതമാനമാണ് ശുപാർശ ചെയ്തിട്ടുള്ളത്. ഇത് 50 ശതമാനമായി ശുപാർശ ചെയ്തിരുന്നുവെങ്കിൽ സംസ്ഥാന വിഹിതമായി നടപ്പു വർഷം 10645.74 കോടി രൂപ ലഭിക്കുമായിരുന്നു. |

സെക്ഷൻ ഓഫീസർ